പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.941

09/08/2017-ൽ മറുപടിയ്ക്ക്

## നോക്കുകൂലി നിരോധിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉബൈദുള്ള: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നോക്കുകൂലി നിലനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ നോക്കുകൂലി നിരോധിക്കുന്നതിനും അത് ആവശ്യപ്പെടുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാവുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) നോക്കുകൂലി നിരോധിക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർത്തലാക്കുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കുകയും തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നീ 3 ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഇതു സംബന്ധിച്ച് ധാരണയായിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി കാസർഗോഡ് ജില്ലകളിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. കൂടാതെ, ജില്ലകളിലെ പ്രധാന കവലകളിൽ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്കു കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുമട്ടു തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ അവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ, കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ